പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി നടപ്പാക്കുന്നതിന് നടപടി

76(387) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകളാണുള്ളത്;

(ബി) ഇതിലെത്ര സ്റ്റേഷനുകളിലാണ് 8 മണിക്കൂർ ജോലി നടപ്പാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഒരു സർക്കിളിൽ ഒന്ന് വീതമോ ഒരു നിയോജക മണ്ഡലത്തിൽ ഒന്നുവീതമോ ഉള്ള പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 442 ലോക്കൽ പോലീസ് സ്റ്റേഷനുകളാണ് ഉള്ളത്. കൂടാതെ മണ്ണന്തല, മണ്ണഞ്ചേരി, മങ്കട, ചോറ്റാനിക്കര എന്നിവിടങ്ങളിൽ പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ഇതിൽ 51 പോലീസ് സ്റ്റേഷനുകൾ 8 മണിക്കൂർ ജോലി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ഇന്ത്യാ റിസർവ് ബറ്റാലിയന്റെ പ്രവർത്തനം

77(389) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യാ റിസർവ് ബറ്റാലിയന്റെ പ്രവർത്തനം സംബന്ധിച്ച് വിശദമാക്കുമോ;

(ബി) ഈ സേനയുടെ ഘടനയെ സംബന്ധിച്ചും നിയമനങ്ങളെ സംബന്ധിച്ചും വിശദമാക്കുമോ;

(സി) ഇതിലേക്ക് എത്ര പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയെന്നും ഇനി എത്ര പേർക്കുകൂടി ശിപാർശ നൽകുന്നുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) തീവ്രവാദ പ്രവർത്തനങ്ങൾ, ദേശീയ വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ ഫലപ്രദമായി നേരിടുക, കേന്ദ്ര സർക്കാർ ആവശ്യപ്പെടുന്ന ഏത് സംഘർഷഭരിതവും, പ്രശ്ന ബാധിതവുമായ പ്രദേശങ്ങളിൽ ജോലി നോക്കുക എന്നിങ്ങനെ അപകടകരവും ജീവഹാനി തന്നെ സംഭവിക്കാവുന്നതും ആയ സാഹചര്യങ്ങളിൽ രാജ്യത്തിനുവേണ്ടി പ്രവർത്തിക്കുക എന്നതാണ് ഇൻഡ്യാ റിസർവ് ബറ്റാലിയന്റെ പ്രവർത്തനരീതി.

LIBRARY ARCHIVES Kerala Legislative Assembly